## 13 -ാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :3942 24/06/2014 - ൽ മറുപടിയ്ക്ക്**

## പട്ടികവർഗ്ഗ യുവതീയുവക്കൾക്ക് നൈപുണ്യ വികസനപരിശീലനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ബെന്നി ബെഹനാൻ | | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് നൈപുണ്യ വികസന പരിപാലനത്തിന് പദ്ധതി തയ്യാറാക്കി യിട്ടുണ്ടോ; വിശദമാക്കുമോ; | (എ) & (ബി) | ഉണ്ട്.<br>പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് വിവിധ തൊഴിലവസരങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, വിവിധ മേഖലകളിലെ വർദ്ധിച്ചു വരുന്ന തൊഴിലവസരങ്ങൾ നേടുന്നതിനാവശ്യമായ സ്കിൽ ഡവലപ്മെന്റ് നടത്തി തൊഴിലിൽ ശേഷിവർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തി സ്ഥിരവരുമാനമുള്ള തൊഴിലിൽ ഏർപ്പെടുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും അവരെ സജ്ജരാക്കുക തുടങ്ങിയ ലക്ഷ്യത്തോടെ നൈപുണ്യ വികസന പരിപാലനത്തിന് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു.<br>വിവിധ തൊഴിൽ മേഖലകളിൽ അഭ്യസ്ത വിദ്യരായ യുവതിയുവാക്കാൾക്ക് പി.എസ്.സി കോച്ചിംഗ് നൽകിയും ഹോട്ടൽ മാനേജ്മെന്റ് ആന്റ് കേറ്ററിംഗ് ടെക്നോളജി നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ വഴി വിവിധ സാങ്കതിക ട്രേഡുകളിൽ പരിശീലനം നൽകി |
| (ബി) | പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശി ക്കുന്നത് ; | | |

| | | | |
|---|---|---|---|
| | | | പ്ലേസ്മെന്റ് നടത്തുക കിൻഫ്രാ പാർക്കിൽ ടെയിലറിംഗ് ഗാർമെന്റ് മേക്കിംഗിൽ പരിശീലനം നൽകുക, ഗവ ആയുർവേദ കോളേജിൽ ആയുർവേദ തെറാപിസ്റ്റ് കോഴ്സ്, പ്ലംബിഗ്, ഇലക്ട്രീഷ്യൻ എന്നിവയിൽ ദ്വിവത്സര എൻ.സി.വി.റ്റി കോഴ്സ് തുടങ്ങിയ തൊഴിൽ മേഖലകളിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത് വിശദമാക്കുമോ ; | (സി) | അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് നൈപുണ്യ വികസന പരിപാലനത്തിന് നിയമാനുസൃതം തയ്യാറാകുന്ന ഏത് ഏജൻസിയുമായി സഹകരിക്കുന്നതാണ്. നിലവിൽ നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, അപ്പാരൽ ട്രെയിനിംഗ് സെന്റർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി, ഗവ.ആയുർവേദ കോളേജ് തിരുവനന്തപുരം, വ്യവസായ ട്രെയിനിംഗ് ഡയറക്ടർ സാങ്കേതിക വിദ്യാഭ്യാസം എന്നിവരുമായി സഹകരിച്ചാണ് സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം നടപ്പാക്കി വരുന്നുണ്ട്. |
| (ഡി) | പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാം ശങ്ങൾ എന്തെല്ലാം ? ; | (ഡി) | തിരുവന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കേറ്ററിംഗ് ടെക്നോളജിയിൽ 65 പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് 2 മാസത്തെ പരിശീലനം നൽകി, നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ മുഖേന 400 പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | | | യുവതിയുവാക്കൾക്ക് വിവിധ ട്രേഡുകളിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന അപ്പാരൽ ട്രെയിനിംഗ് സെന്ററിൽ ഗാർമെന്റ് മേക്കിംഗ് ഫാഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട പ്രൊഡക്ഷൻ സൂപ്പർവൈസർ ആന്റ് ക്വാളിറ്റി കൺട്രോൾ, ഗാർമെന്റ് കൺസ്ട്രക്ഷൻ, കൺട്രോൾ ബേസിക് അഡ്വാൻസ് സ്മാർട്ട് മെഷീൻ ടെക് എന്നീ കോഴ്സുകൾക്ക് 140 പട്ടികവർഗ്ഗ യുവതികൾക്ക് പരിശീലനം നൽകുന്നു. 500 പട്ടിവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ പരിശീലനം നൽകി സൗജന്യമായി ഓട്ടോറിക്ഷ വാങ്ങി നൽകി. 2013-14 വർഷം 311.03 ലക്ഷം രൂപ ചെലവിൽ 591 പട്ടികവർഗ്ഗയുവതി യുവാക്കൾക്ക് സ്വയംതൊഴിൽ പ്രോജക്ടുകൾ ആരംഭിക്കുന്നതിന് ധന സഹായം നൽകി. തുടർന്നുള്ള വർഷങ്ങളിലും അനുയോജ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ